# മഹാത്മാഗാന്ധി സർവകലാശാല

പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, കേരളം – 686 560

(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)


Draft #1 of File 49838/AC A1/1/2019/REG SECT Approved by DEPUTY REGISTRAR I (ACADEMIC) on 11-Dec-2019 04:21 PM - Page 1

49838/AC A1/1/REG SECT/REG SECT 11.12.2019

## സർക്കുലർ

വിഷയം :ലോക ഭിന്നശേഷി ദിനാചരണം-2019-പ്രതിജ്ഞ എടുക്കുന്നത് സംബന്ധിച്ച്

സൂചന : കത്ത് നം.കെ3/406/2019/ഉ.വി.വ തീയതി.10.12.2019

**'ഭിന്നശേഷി സൗഹൃദ കേരളം'** പ്രചാരണത്തിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മുഴുവൻ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് 2019 ഡിസംബർ 12-ന് രാവിലെ 10.30 ന് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രതിജ്ഞ എടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സൂചന കത്തിലൂടെ അറിയിച്ചിട്ടുണ്ട്.

ആയതിനാൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രതിജ്ഞ , 2019 ഡിസംബർ 12-ന് രാവിലെ 10.30 ന്, എടുക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സർക്കാർ എയ്ഡഡ് കോളേജുകളും സ്വീകരിക്കേണ്ടതാണ് .

രമേഷ് നാരായൺ

ഡപ്യൂട്ടി രജിസ്ട്രാർ 1 (അക്കാദമിക്)

പകർപ്പ് :

1.എല്ലാ സർക്കാർ എയ്ഡഡ് കോളേജുകൾ

2 .പി.ആർ.ഓ

3.വി.സി/പി.വി.സി എന്നിവരുടെ പി.എസ്

4.രജിസ്ട്രാറുടെ പി.എ

5 .കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അന്വേഷണം : 0481 - 2731020, 2733300
രജിസ്ട്രാർ : 0481 - 2731007
mgu@mgu.ac.in
registrar@mgu.ac.in
www.mgu.ac.in

**വളരെ അടിയന്തിരം**

BY FAX MESSAGE

**കേരള സർക്കാർ**

നം. കെ3/406/2019/ഉ.വി.വ.

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്,
തിരുവനന്തപുരം,
തീയതി : 10-12-2019

**ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി**

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.

സർ,

വിഷയം : - ഉന്നതവിദ്യാഭ്യാസ വകുപ്പ് - ലോകഭിന്നശേഷി ദിനാചരണം 2019 - പ്രതിജ്ഞ എടുക്കുന്നത് - സംബന്ധിച്ച്

സൂചന : - ബഹുമാനപ്പെട്ട ആരോഗ്യകുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രി ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രിയ്ക്ക് നൽകിയ 09-12-2019-ലെ കുറിപ്പ്

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ‘ **ഭിന്നശേഷി സൗഹൃദ കേരളം‘** ക്യാമ്പയിന്റെ ഭാഗമായി **2019 ഡിസംബർ 12-ന് രാവിലെ 10.30-ന്** ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിൽ വരുന്ന സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മുഴുവൻ വിദ്യാർത്ഥികളും, അധ്യാപകരും ചേർന്ന് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രതിജ്ഞ എടുക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതിനും, തുടർനടപടികൾ സ്വീകരിക്കുന്നതിനും താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ
**രാജേഷ് കുമാർ കെ.കെ.**
അണ്ടർ സെക്രട്ടറി
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

Manoj M

സെക്ഷൻ ഓഫീസർ

പകർപ്പ് : ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

### ഭിന്നശേഷി സൗഹൃദ കേരളം ക്യാമ്പയിനിന്റെ ഭാഗമായി ഡിസംബർ 12- ന സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഉള്ള പ്രതിജ്ഞ

ലോകത്തെ മനുഷ്യരെല്ലാം വ്യത്യസ്തശേഷിക്കാരാണെന്നും ഒരാളെപ്പോലെ മറ്റൊരാളെ കാണാനാവില്ലെന്നും ഞാൻ മനസ്സിലാക്കുന്നു. ആരും ആരെക്കാളും ചെറുതും വലുതുമല്ലെന്ന ആത്മ ബോധത്തോടെ ജീവിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളായ സമത്വത്തിനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, ചൂഷണങ്ങൾക്കെതിരെയുള്ള അവകാശം എന്നിവ എന്റെ രാജ്യത്തെ എല്ലാവരെപോലെയും ഭിന്നശേഷിക്കാരായ വിഭാഗത്തിനും അവകാശപ്പെട്ടതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഭിന്നശേഷിക്കാരുടെ അവകാശ നിയമം 2016 വിഭാവനം ചെയ്യുന്ന അവകാശങ്ങളായ പൂർണ്ണവും ഫലപ്രദവുമായ പങ്കാളിത്തം, അവസര സമത്വം, പദവിയോടുള്ള ആദരവ്, വിവേചന രാഹിത്യം, സ്വീകാര്യത, അവകാശങ്ങളോടും കഴിവുകളോടുമുള്ള ബഹുമാനം എന്നിവയ്ക്കായി നിലകൊള്ളുമെന്നും അതിനായി പ്രവർത്തിക്കുമെന്നും പ്രതിജ്ഞ ചെയ്യുന്നു. എന്റെ സഹപാഠികളായവരും, ഞാൻ ജീവിക്കുന്ന സമൂഹത്തിന്റെ ഭാഗമായവരുമായ ഭിന്ന ശേഷിക്കാരായ കുട്ടികളോടും, മുതിർന്നവരോടും ബഹുമാനത്തോടെയും ആദരവോടെയും സ്നേഹത്തോടെയും പെരുമാറുമെന്നും ഭിന്നശേഷിക്കാർ ഉൾച്ചേർന്ന സമൂഹ സൃഷ്ടിക്കായ് സഹാനുഭൂതിയോടെ പ്രവർത്തിക്കുമെന്നും ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു. പ്രതിജ്ഞ പ്രതിജ്ഞ പ്രതിജ്ഞ.